(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് കൂടിയേറിപ്പാക്കാൻ തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും ആളുകൾ പോയിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. ഇ. കൊച്ചുകുട്ടൻ):

(എ) 192 കുടുംബങ്ങൾ.

(ബി) അല്ല. ഖർജ്ജിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഉപാധി മാത്രമായിട്ടാണ്.

(സി) മദ്ധ്യ ആൻഡമാൻസിലും, ഭോപാലിലും.

സേവാദളം

* 154. [39] ശ്രീ. പി. കെ. കുഞ്ചച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ലാത്തി പരിശീലനത്തോടും, അടി തട, കുരിപ്പയറ് തുടങ്ങിയ അർദ്ധസൈനിക സജ്ജീകരണങ്ങളോടുംകൂടി "സേവാദളം" എന്ന ഒരു സംഘടന നമ്മുടെ സംസ്ഥാനത്തു് പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഘടനയുടെ അഭിമുഖ്യത്തിൽ സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾ പ്രോത്സാഹജനകമായ വിധത്തിൽ പ്രസംഗിച്ചിട്ടുണ്ടോയെന്നു് പറയാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സേവാദളം എന്ന ഒരു സംഘടന പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. എന്നാൽ ലാത്തി പരിശീലനത്തോടും, അടി തട, കുരിപ്പയറ് തുടങ്ങിയ അർദ്ധസൈനിക സജ്ജീകരണങ്ങളോടുംകൂടിയ സേവാദളം എന്ന ഒരു സംഘടന പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിനറിവില്ല.

(ബി) ചോദ്യത്തിൽ പറയുന്ന സ്വഭാവത്തോടുകൂടിയ സേവാദളം എന്ന ഒരു സംഘടനയുടെ അഭിമുഖ്യത്തിൽ മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾ പ്രോത്സാഹജനകമായ വിധത്തിൽ പ്രസംഗിച്ചിട്ടില്ല. സേവാദളം സംഘടനയുടെ അഭിമുഖ്യത്തിൽ മന്ത്രിമാർ പ്രസംഗിച്ചിട്ടുണ്ടു്.

മന്ത്രിമാരുടെ സഞ്ചാരം

* 155. [40] ശ്രീ. പി. കെ. കുഞ്ചച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മന്ത്രിമാർ സഞ്ചരിക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിവിധ താലൂക്കുകളിലെ വിവിധ പാർട്ടികളുടേയും ബഹുജനസംഘടനകളുടേയും അഭിപ്രായം ആരാഞ്ഞതിനു ശേഷം ഈ സഞ്ചാരപരിപാടി ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രത്യേക തീരുമാനമൊന്നുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നാളികേരത്തിന്റെ വിലക്കുറവ്.

*156. [41] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം നാളികേരത്തിന്റെ വിലക്കുറവു തടയുന്നതിനുവേണ്ടി ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

നാളികേരം ഉൾപ്പെടെയുള്ള കാർഷികസാധനങ്ങളുടെ വിലക്കുറവിനെ തടയുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് അഖിലേന്ത്യാ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനായി കേന്ദ്രഗവണ്മെന്റിനും "Prices Variation Enquiry Committee" എന്നൊരു കമ്മിറ്റിയെ ഏർപ്പെടുത്തിയിട്ടുണ്ട്.

Teachers

*157. [42] SHRI P. V. AVIRA THARAKAN: Will the Minister for Education be pleased to state:

(*a*) do the Government propose to appoint teachers in private schools by selection by Public Service Commission;

(*b*) if so when do the Government intend to appoint;

(*c*) are the Government aware of the resolution passed by the Nair Service Society in this connection; and

(*d*) why the Government are delaying the appointment through the Public Service Commission?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) There is no such proposal at present.

(*b*) Does not arise in view of (a)

(*c*) Yes.

(*d*) Does not arise in view of (a)

Credit Co-operative Societies.

*158. [43] SHRI P. V. AVIRA THARAKAN: Will the Minister for Finance be pleased to state:

(a) do the Government propose to have Credit Co-operative Societies to help the Agriculturists;

LIBRARY ARCHIVES Kerala Legislative Assembly